മലയാളയം Malayalam مالايالم

**തിയതി: 29 ശവ്വാൽ 1447 (17 ഏപ്രിൽ 2026)**

---

# ജുമുഅ ഖുതുബ: പ്രാർത്ഥന സത്യവിശ്വാസിയുടെ ആയുധം

*ഒന്നാം ഖുതുബ :-*

നിശ്ചയമായും എല്ലാ സ്തുതിയും അല്ലാഹുവിനാണ്. നാം അവനെ സ്തുതിക്കുകയും അവനോട് സഹായം തേടുകയും അവനോട് പാപമോചനം അർത്ഥിക്കുകയും ചെയ്യുന്നു. നമ്മുടെ തിന്മകളിൽ നിന്നും നമ്മുടെ മോശമായ പ്രവർത്തികളിൽ നിന്നും അല്ലാഹുവിനോട് നാം അഭയം തേടുന്നു. അല്ലാഹു ആരെ നേർവഴിയിലാക്കുന്നുവോ അവനെ വഴിപിഴപ്പിക്കാൻ ആരുമില്ല. അവൻ ആരെ വഴിപിഴവിലാക്കുന്നുവോ അവനെ നേർവഴിയിലാക്കാനും ആരുമില്ല. അല്ലാഹു അല്ലാതെ ആരാധനയ്ക്ക് അർഹനായി മറ്റാരുമില്ലെന്നും അവൻ ഏകനാണെന്നും അവന് പങ്കുകാരില്ലെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ ദാസനും അവന്റെ ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

﴿يَاأَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ حَقَّ تُقَاتِهِ وَلَا تَمُوتُنَّ إِلَّا وَأَنْتُمْ مُسْلِمُونَ﴾ [آل عمران: ١٠٢]،

*"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷി ക്കുക. മുസ്ലിങ്ങളായല്ലാതെ നിങ്ങൾ മരിക്കാനിടയാകരുത്."* (സൂറത്ത് ആലുഇംറാൻ: 102)

നിങ്ങൾ അല്ലാഹുവിന്റെ ഗ്രന്ഥത്തെയും പ്രവാചക ചര്യയെയും മുറുകെ പിടിക്കുക. നിശ്ചയമായും സംസാരങ്ങളിൽ ഏറ്റവും ഉത്തമമായത് അല്ലാഹു വിന്റെ കലാം (ഖുർആൻ) ആകുന്നു. മാർഗ്ഗങ്ങളിൽ ഏറ്റവും ഉത്തമമായത് മുഹമ്മദ് നബി ﷺ കാണിച്ചുതന്ന മാർഗ്ഗമാണ്. കാര്യങ്ങളിൽ ഏറ്റവും മോശമായത് (ദീനിൽ) പുതുതായി നിർമ്മിക്കപ്പെട്ടവയാണ്.

വിശ്വാസികളേ,

വിനീതരായ ദാസന്മാരുടെ ഏറ്റവും വലിയ ആരാധനകളിലും അല്ലാഹുവിലേക്ക് മടങ്ങുന്നവരുടെ ഏറ്റവും ശ്രേഷ്ഠമായ അനുസരണങ്ങളിലും പെട്ടതാണ് അല്ലാഹുവിനോടുള്ള പ്രാർത്ഥനയും (ദുആ) വിനയത്തോടെയുള്ള അപേക്ഷയും. നിശ്ചയമായും പ്രാർത്ഥനയാണ് യഥാർത്ഥ ആരാധന. നുഅ്മാൻ ബിൻ ബഷീർ (റ) നിവേദനം ചെയ്യുന്നു: നബി ﷺ പറഞ്ഞു: «إِنَّ الدُّعَاءَ هُوَ الْعِبَادَةُ *തീർച്ചയായും പ്രാർത്ഥന തന്നെയാണ് ആരാധന."* (അഹ്മദ്, തിർമിദി). അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടതും അവന്റെ അടുക്കൽ ഏറ്റവും ആദരണീയവുമായ കർമ്മമാണിത്.

## പ്രാർത്ഥനയുടെയും അല്ലാഹുവിലേക്കുള്ള മടക്കത്തിന്റെയും മഹത്വം

ഭൂമിയുടെയും ആകാശത്തിന്റെയും നാഥനായ അല്ലാഹുവിലേക്ക് പ്രാർത്ഥനയിലൂടെയും അഭയം തേടിയും മടങ്ങേണ്ട ഏറ്റവും ഉന്നതമായ സന്ദർഭങ്ങളിൽ ഒന്നാണ് അപകടങ്ങളും പ്രതിസന്ധികളും ഉണ്ടാകുന്ന സമയം. മുസ്ലീങ്ങൾ പരീക്ഷണങ്ങളിലും വിഷമഘട്ടങ്ങളിലും അകപ്പെടുമ്പോൾ വിശ്വാസികൾ തങ്ങളുടെ രക്ഷിതാവിലേക്ക് ഓടിയെത്തുന്നു. അവർ തങ്ങളുടെ സ്രഷ്ടാവിനോട് ആകുലതയോടെയും വിനയത്തോടെയും പ്രാർത്ഥിക്കുന്നു. സഹായം തേടുന്നവരെ സഹായിക്കുന്നവനും അഭയം തേടുന്നവർക്ക് അഭയം നൽകുന്നവനും അല്ലാഹുവാണെന്ന് അവർക്കറിയാം. അവിശ്വാസികൾക്ക് അനിഷ്ടകരമായാലും അല്ലാഹു തന്റെ കാര്യങ്ങളിൽ വിജയിക്കുന്നവനാണ്. ആകാശഭൂമികളിലെ സൈന്യങ്ങൾ അവന്റേതാണ്; സർവ്വ അധികാരവും അവന്റെ കൈകളിലാണ്, അവൻ എല്ലാറ്റിനും കഴിവുള്ളവനാണ്.

പ്രാർത്ഥനയിലൂടെ അല്ലാഹുവിനോട് അഭയം തേടുന്നതും ശത്രുക്കൾക്കെതിരെ അവനോട് സഹായം ചോദിക്കുന്നതും പ്രവാചകന്മാരുടെയും പുണ്യവാന്മാരുടെയും ചര്യയാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു ഇതിനെക്കുറിച്ച് പരാമർശിക്കുകയും അവരെ പുകഴ്ത്തുകയും ചെയ്തിട്ടുണ്ട്. താലൂത്തിനെയും കൂടെയുള്ളവരെയും കുറിച്ച് അല്ലാഹു പറഞ്ഞു:

﴿وَلَمَّا بَرَزُوا لِجَالُوتَ وَجُنُودِهِ قَالُوا رَبَّنَا أَفْرِغْ عَلَيْنَا صَبْرًا وَثَبِّتْ أَقْدَامَنَا وَانْصُرْنَا عَلَى الْقَوْمِ الْكَافِرِينَ﴾ [البقرة:

"അവർ ജാലൂത്തിനോടും അവന്റെ സൈന്യത്തോടും ഏറ്റുമുട്ടിയപ്പോൾ ഇപ്രകാരം പ്രാർത്ഥിച്ചു: 'ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് നീ ക്ഷമ ചൊരിഞ്ഞുതരേണമേ, ഞങ്ങളുടെ പാദങ്ങളെ നീ ഉറപ്പിച്ചുനിർത്തേണമേ, സത്യനിഷേധികളായ ജനതയ്ക്കെതിരെ ഞങ്ങളെ നീ സഹായിക്കേണമേ'." (സൂറത്തുൽ ബഖറ: 250).

മറ്റ് പ്രവാചകന്മാരെയും അവരെ പിന്തുടർന്ന സജ്ജനങ്ങളെയും കുറിച്ച് അല്ലാഹു പറയുന്നു:

﴿وَكَأَيِّنْ مِنْ نَبِيٍّ قَاتَلَ مَعَهُ رِبِّيُّونَ كَثِيرٌ فَمَا وَهَنُوا لِمَا أَصَابَهُمْ فِي سَبِيلِ اللَّهِ وَمَا ضَعُفُوا وَمَا اسْتَكَانُوا وَاللَّهُ يُحِبُّ الصَّابِرِينَ * وَمَا كَانَ قَوْلَهُمْ إِلَّا أَنْ قَالُوا رَبَّنَا اغْفِرْ لَنَا ذُنُوبَنَا وَإِسْرَافَنَا فِي أَمْرِنَا وَثَبِّتْ أَقْدَامَنَا وَانْصُرْنَا عَلَى الْقَوْمِ الْكَافِرِينَ﴾ [آل عمران: ١٤٦ – ١٤٧].

"അവരുടെ വാക്ക് ഇപ്രകാരം മാത്രമായിരുന്നു: 'ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളും ഞങ്ങളുടെ കാര്യങ്ങളിലുള്ള അതിക്രമങ്ങളും നീ ഞങ്ങൾക്ക്

പൊറുത്തുതരേണമേ, ഞങ്ങളുടെ പാദങ്ങളെ നീ ഉറപ്പിച്ചുനിർത്തേണമേ, സത്യനിഷേധികളായ ജനതയ്ക്കെതിരെ ഞങ്ങളെ നീ സഹായിക്കേണമേ'." (ആലു ഇമ്രാൻ: 147).

വിപത്തുകളുടെയും പ്രതിസന്ധികളുടെയും പ്രയാസങ്ങൾ നേരിടുന്നതുമായ സമയങ്ങളാണ് പ്രാർത്ഥനയ്ക്കും അല്ലാഹുവിലേക്ക് അഭയം തേടാനുമുള്ള ഏറ്റവും പ്രധാനപ്പെട്ട സന്ദർഭങ്ങൾ. മുസ്ലിങ്ങൾക്ക് പരീക്ഷണങ്ങൾ നേരിടുമ്പോൾ അവർ തങ്ങളുടെ രക്ഷിതാവിലേക്ക് വിനയത്തോടെ പ്രാർത്ഥിക്കുന്നു. അല്ലാഹുവാണ് സഹായിക്കുന്നവരിൽ വെച്ച് ഏറ്റവും വലിയ സഹായി എന്നും അവൻ എല്ലാറ്റിനും കഴിവുള്ളവനാണെന്നും അവർക്കറിയാം. ശത്രുക്കൾക്കെതിരെ അല്ലാഹുവിനോട് സഹായം തേടുക എന്നത് പ്രവാചകന്മാരുടെ ചര്യയാണ്.

ബദ്ർ യുദ്ധവേളയിൽ ശത്രു സൈന്യം ആയിരത്തോളം പേരും മുസ്ലിം സൈന്യം മുന്നൂറ്റി പത്തൊമ്പത് പേരുമായിരുന്നു. അന്ന് നബി ﷺ ഖിബ്ലയ്ക്ക് അഭിമുഖമായി നിന്ന് കൈകൾ ഉയർത്തി അല്ലാഹുവിനോട് അങ്ങേയറ്റം വിനയത്തോടെ പ്രാർത്ഥിച്ചു:

«اللَّهُمَّ أَنْجِزْ لِي مَا وَعَدْتَنِي، اللَّهُمَّ آتِ مَا وَعَدْتَنِي، اللَّهُمَّ إِنْ تَهْلِكْ هَذِهِ الْعِصَابَةُ مِنْ أَهْلِ الْإِسْلَامِ لَا تُعْبَدْ فِي الْأَرْضِ»

*"അല്ലാഹുവേ, നീ എനിക്ക് നൽകിയ വാഗ്ദാനം നിറവേറ്റേണമേ. അല്ലാഹുവേ, മുസ്ലിങ്ങളുടെ ഈ ചെറിയ വിഭാഗം നശിപ്പിക്കപ്പെട്ടാൽ ഭൂമിയിൽ നീ ആരാധിക്കപ്പെടുകയില്ല."* നബി ﷺ യുടെ തട്ടം തോളിൽ നിന്ന് വീണുപോകുന്നതുവരെ അദ്ദേഹം അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിച്ചു. തുടർന്ന് അല്ലാഹു മലക്കുകളെ അയച്ച് അവരെ സഹായിച്ചു.

തന്റെ തട്ടം തോളിൽ നിന്ന് വീണുപോകുന്നതുവരെ അദ്ദേഹം കൈകൾ ഉയർത്തി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അപ്പോൾ അബൂബക്കർ (റ) വന്ന് ആ തട്ടം തോളിലിട്ടു കൊടുക്കുകയും അദ്ദേഹത്തെ ചേർത്തുപിടിച്ച് ഇപ്രകാരം പറയുകയും ചെയ്തു: "അല്ലാഹുവിന്റെ പ്രവാചകരേ, അങ്ങയുടെ ഈ പ്രാർത്ഥന മതിയാകും. നിശ്ചയമായും അല്ലാഹു താൻ നൽകിയ വാഗ്ദാനം അങ്ങേക്ക് നിറവേറ്റിത്തരും." അപ്പോൾ അല്ലാഹു ഈ വചനം അവതരിപ്പിച്ചു:

فَأَنْزَلَ اللهُ عز وجل: ﴿إِذْ تَسْتَغِيثُونَ رَبَّكُمْ فَاسْتَجَابَ لَكُمْ أَنِّي مُمِدُّكُم بِأَلْفٍ مِّنَ الْمَلَائِكَةِ مُرْدِفِينَ﴾ [الأنفال: ٩]، فَأَمَدَّهُ اللهُ بِالْمَلَائِكَةِ» [رواه مسلم].

"നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക). തുടരെത്തുടരെയായി വരുന്ന ആയിരം മലക്കുകളെ നൽകിക്കൊണ്ട്

ഞാൻ നിങ്ങൾക്ക് സഹായം നൽകുന്നതാണ് എന്ന് അവൻ അപ്പോൾ നിങ്ങൾ ക്ക് മറുപടി നൽകി." (അൻഫാൽ: 9)

മുസ്ലിം സൈന്യാധിപന്മാരും യുദ്ധവേളകളിൽ പ്രാർത്ഥനയ്ക്ക് വലിയ പ്രാധാ ന്യം നൽകിയിരുന്നു. ഖുതൈബ ബിൻ മുസ്ലിം (റ) ശത്രുസൈന്യത്തെ കണ്ട് അല്പം ആശ ങ്കപ്പെട്ടപ്പോൾ താബിഈ പണ്ഡിതനായ മുഹമ്മദ് ബിൻ വാസിഇ നെക്കുറിച്ച് അന്വേ ഷിച്ചു. അദ്ദേഹം സൈന്യത്തിന്റെ വലതുഭാഗത്ത് തന്റെ വില്ല് പിടിച്ചുകൊണ്ട് ആകാശത്തേക്ക് വിരൽ ഉയർത്തി പ്രാർത്ഥിക്കുന്നതായി കണ്ടു. അപ്പോൾ ഖുതൈബ പറഞ്ഞു: "ആ വിരൽ എനിക്ക് ലക്ഷം വാളുകളെ ക്കാളും വീര്യമുള്ള യുവാക്കളെ ക്കാളും പ്രിയപ്പെട്ടതാണ്."

അസദ് ബിൻ അബ്ദുള്ള യുദ്ധവേളയിൽ ജനങ്ങളെ അഭിസംബോധന ചെയ്തു കൊണ്ട് പറഞ്ഞു: "നിങ്ങൾ അല്ലാഹുവിനോട് സഹായം തേടുക. ഒരു അടിമ അല്ലാ ഹുവിനോട് ഏറ്റവും അടുക്കുന്നത് സാഷ്ടാംഗം (സുജൂദ്) ചെയ്യുമ്പോഴാണെന്ന് എനിക്ക് വിവരം ലഭിച്ചിട്ടുണ്ട്. ഞാൻ ഇപ്പോൾ സുജൂദിൽ വീഴാൻ പോകുകയാണ്, നിങ്ങളും അല്ലാഹുവിനോട് ആത്മാർത്ഥമായി പ്രാർത്ഥിക്കുക." അവർ അപ്രകാരം ചെയ്യുകയും വിജയത്തിൽ ഉറച്ച വിശ്വാസത്തോടെ തല ഉയർത്തുകയും ചെയ്തു.

വിശ്വാസിയുടെ ഹൃദയം അല്ലാഹുവെക്കുറിച്ചുള്ള മഹത്വത്താൽ നിറഞ്ഞതാ ണെങ്കിൽ അവൻ പ്രാർത്ഥനയെ നിസ്സാരമായി കാണില്ല. അല്ലാഹു പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുമെന്ന ഉറച്ച വിശ്വാസത്തോടെ വേണം പ്രാർത്ഥിക്കാൻ. നബി ﷺ പറഞ്ഞു:

«ادْعُوا اللَّهَ وَأَنْتُمْ مُوقِنُونَ بِالْإِجَابَةِ» :قَالَ رَسُولُ اللَّهِ ﷺ : *"ഉത്തരം ലഭിക്കുമെന്ന ഉറപ്പോടെ നിങ്ങൾ അല്ലാഹുവിനോട് പ്രാർത്ഥിക്കുക."*(തിർമിദി).

മഹത്തായ ഖുർആൻ കൊണ്ടും അതിലെ വചനങ്ങളിലൂടെയും അല്ലാഹു എനിക്കും നിങ്ങൾക്കും അനുഗ്രഹം ചൊരിയട്ടെ. ഞാൻ പറയുന്നത് നിങ്ങൾ കേൾക്കുന്നു ണ്ട ല്ലോ, ഞാനിതാ എനിക്കും നിങ്ങൾക്കും വേണ്ടി അല്ലാഹുവിനോട് പാപമോചനം തേടുന്നു. അവനോട് നിങ്ങൾ പൊറുക്കലിനെ തേടുക, നിശ്ചയമായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണ്.

## الْخُطْبَةُ الثَّانِيَةُ രണ്ടാം ഖുതുബ:

ഏകനായ അല്ലാഹുവിനാണ് സർവ്വസ്തുതിയും. അവന് ശേഷം മറ്റൊരു പ്രവാചക നില്ലാത്ത മുഹമ്മദ് നബി ﷺ യുടെ മേൽ സ്വലാത്തും സലാമും ഉണ്ടാവട്ടെ. അല്ലാഹു വല്ലാതെ ആരാധനയ്ക്ക് അർഹനായി മറ്റാരുമില്ലെന്നും അവൻ ഏകനാണെന്നും അവന് പങ്കുകാരില്ലെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി ﷺ അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ശരിയായ വാക്ക് പറയുകയും ചെയ്യുക." (സൂറത്തുൽ അഹ്സാബ്: 70)

അല്ലാഹുവിന്റെ ദാസന്മാരേ, ഇത്തരം (പ്രതിസന്ധി നിറഞ്ഞ) സാഹചര്യങ്ങളിൽ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കാനുള്ള ഏറ്റവും വലിയ കാരണങ്ങളിൽ ഒന്നാണ് അല്ലാഹുവിനോട് അങ്ങേയറ്റം വിനയത്തോടെ ഇരന്നു പ്രാർത്ഥിക്കുക എന്നതും വീണ്ടും വീണ്ടും ചോദിക്കുക എന്നതും. അബുദ്ദർദാഅ് (റ) പറഞ്ഞു:

مَنْ يُكْثِرِ الدُّعَاءَ يُوشِكُ أَنْ يُسْتَجَابَ لَهُ

*"ആരാണോ പ്രാർത്ഥന വർദ്ധിപ്പിക്കുന്നത്, അവൻ ഉത്തരം നൽകപ്പെടാൻ സമയമായിരിക്കുന്നു."* ഒരു ദാസൻ തന്റെ ദാരിദ്ര്യവും നിസ്സഹായതയും അല്ലാഹുവിന് മുന്നിൽ വെളിപ്പെടുത്തുകയും അവന്റെ സഹായത്തിനായി കേഴുകയും ചെയ്യുമ്പോൾ, അല്ലാഹു അവന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നു.

﴿أَمَّن يُجِيبُ الْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ السُّوءَ وَيَجْعَلُكُمْ خُلَفَاءَ الْأَرْضِ أَإِلَٰهٌ مَعَ اللهِ قَلِيلًا مَا تَذَكَّرُونَ﴾ [النمل: ٦٢

"സങ്കടപ്പെട്ടവൻ വിളിച്ചു പ്രാർത്ഥിച്ചാൽ അവന് ഉത്തരം നൽകുകയും പ്രയാസ ങ്ങൾ നീക്കിക്കൊടുക്കുകയും നിങ്ങളെ ഭൂമിയിലെ പ്രതിനിധികളാക്കുകയും ചെയ്യുന്നവനാണോ (ശ്രേഷ്ഠൻ)? അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമു ണ്ടോ? വളരെ കുറച്ച് മാത്രമേ നിങ്ങൾ ചിന്തിക്കുന്നുള്ളൂ." (സൂറത്തുന്നംല്: 62)

യൂനുസ് നബി (അ) കടലിന്റെ ഇരുളിൽ വെച്ച് മത്സ്യത്തിന്റെ വയറ്റിലായപ്പോൾ അദ്ദേഹം പ്രാർത്ഥനയിൽ നിരാശനായില്ല. അല്ലാഹു പറയുന്നു:

﴿وَذَا النُّونِ إِذْ ذَهَبَ مُغَاضِباً فَظَنَّ أَنْ لَنْ نَقْدِرَ عَلَيْهِ فَنَادَى فِي الظُّلُمَاتِ أَنْ لَا إِلَهَ إِلَّا أَنْتَ سُبْحَانَكَ إِنِّي كُنْتُ مِنَ الظَّالِمِينَ * فَاسْتَجَبْنَا لَهُ وَنَجَّيْنَاهُ مِنَ الْغَمِّ وَكَذَلِكَ نُنْجِي الْمُؤْمِنِينَ﴾ [الأنبياء: ٨٧ – ٨٨].

*"മത്സ്യത്തിന്റെ ആളായ യൂനുസിനെ ഓർക്കുക. അദ്ദേഹം കോപിച്ചു പോയപ്പോൾ തനിക്ക് നാം പ്രയാസമുണ്ടാക്കില്ലെന്ന് അദ്ദേഹം കരുതി. തുടർന്ന് ഇരുട്ടുകൾക്കിട യിൽ നിന്ന് അദ്ദേഹം വിളിച്ചു പ്രാർത്ഥിച്ചു: നീയല്ലാതെ ആരാധനയ്ക്ക് അർഹനാ യി മറ്റാരുമില്ല, നീ പരിശുദ്ധനാണ്, നിശ്ചയമായും ഞാൻ അക്രമികളിൽ പെട്ടുപോ യിരിക്കുന്നു. അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും സങ്കടത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്തു. ഇപ്രകാരം നാം വിശ്വാസികളെ രക്ഷിക്കുന്നു."*(സൂറത്തുൽ അൻബിയാഅ്: 87-88)

അല്ലാഹുവിന്റെ ദാസന്മാരേ, നിങ്ങൾ പ്രാർത്ഥനയിൽ പരിശ്രമിക്കുക. നിങ്ങളുടെ ദീനിന്റെയും ആദർശത്തിന്റെയും നാടിന്റെയും കുടുംബത്തി ന്റെയും സംരക്ഷണ ത്തിനായി കൈകൾ ഉയർത്തുക. നിങ്ങളുടെ മക്കളെയും കുടുംബത്തെയും പ്രാർത്ഥി ക്കാൻ പ്രേരിപ്പിക്കുക. നബി ﷺ പറഞ്ഞു:

سَعْدِ بْنِ أَبِي وَقَّاصٍ ﷺ قَالَ: قَالَ رَسُولُ اللهِ ﷺ: «إِنَّمَا يَنْصُرُ اللهُ هَذِهِ الْأُمَّةَ بِضَعِيفِهَا؛ بِدَعْوَتِهِمْ وَصَلَاتِهِمْ وَإِخْلَاصِهِمْ» [رواه النَّسَائِيُّ وأَصْلُهُ فِي الْبُخَارِيِّ].

*"നിശ്ചയമായും അല്ലാഹു ഈ സമുദായത്തെ സഹായിക്കുന്നത് അവരിലെ ദുർബല രുടെ പ്രാർത്ഥനയും നമസ്കാരവും ഇല്ലാസും (നിഷ്കളങ്കത) കാരണമാണ്."* (നസാഈ).

അതുപോലെ അതിർത്തി കാക്കുന്ന സൈനികരെയും സുരക്ഷാ ഉദ്യോഗസ്ഥ രെയും നിങ്ങൾ മറക്കരുത്. ഏകദൈവ വിശ്വാസവും പ്രവാചകചര്യയും ഉയർത്തിപ്പിടി ക്കുന്ന ഒരു നാടിന് വേണ്ടിയാണ് അവർ നിലകൊള്ളുന്നത്. നമ്മുടെ ഭരണാധി കാരികൾക്ക് വേണ്ടിയും പ്രാർത്ഥിക്കുക. ഫുദൈൽ ബിൻ ഇയാദ് (റ) പറഞ്ഞു:

قَالَ الْفُضَيْلُ بْنُ عِيَاضٍ رَحِمَهُ اللهُ: «لَوْ أَنَّ لِي دَعْوَةً مُسْتَجَابَةً مَا صَيَّرْتُهَا إِلَّا فِي الْإِمَامِ»

*"ഉത്തരം ലഭിക്കുന്ന ഒരു പ്രാർത്ഥന എനിക്കുണ്ടെങ്കിൽ അത് ഞാൻ ഭരണാ ധികാരിക്ക് വേണ്ടിയല്ലാതെ മാറ്റിവെക്കില്ല."* വിനയത്തോടെ ഉയരുന്ന കൈകളും പ്രാർത്ഥിക്കുന്ന നാവുകളും വിശ്വാസികളുടെ ഹൃദയവു മാണ് അവർക്കുള്ള ഏറ്റവും വലിയ കരുത്ത്. കൈകൊണ്ടും ആയുധം കൊണ്ടും നടത്തുന്ന പോരാട്ടം പോലെ തന്നെ പ്രധാനമാണ് പ്രാർത്ഥന കൊണ്ടുള്ള ജിഹാദും. നബി ﷺ പറഞ്ഞു:

*"രണ്ട് സന്ദർഭങ്ങളിലെ പ്രാർത്ഥനകൾ തള്ളപ്പെടുകയില്ല (അല്ലെങ്കിൽ അപൂർവ്വമായേ തള്ളപ്പെടൂ):*

قَالَ رَسُــولُ اللَّه ﷺ: «ثِنْتَانِ لَا تُرَدَّانِ، أَوْ قَلَّمَا تُرَدَّانِ: الدُّعَاءُ عِنْدَ النِّدَاءِ، وَعِنْدَ الْبَأْسِ حِينَ يُلْحِمُ بَعْضُهُمْ بَعْضًا» [رواه أَبو داود وصَحَّحه ابْنَ حجرٍ].

*ബാങ്ക് വിളിക്കുന്ന സമയത്തെ പ്രാർത്ഥനയും, യുദ്ധക്കളത്തിൽ ശത്രുക്കളുമായി നേരിട്ട് ഏറ്റുമുട്ടുന്ന സമയത്തെ പ്രാർത്ഥനയും."*(അബൂദാവൂദ്).

അല്ലാഹുവേ, നിന്റെ ദാസനും പ്രവാചകനുമായ മുഹമ്മദ് നബി ﷺ യുടെ മേൽ നീ കരുണയും സമാധാനവും ചൊരിയേണമേ. നിന്റെ തൃപ്തി ലഭിച്ച സ്വഹാബികൾക്കും ഞങ്ങൾക്കും നീ കാരുണ്യം നൽകേണമേ. അല്ലാഹുവേ, നിന്നെ സ്മരിക്കാനും നന്ദി കാണിക്കാനും ഭംഗിയായി ആരാധിക്കാനും ഞങ്ങളെ സഹായിക്കേണമേ. അല്ലാഹുവേ, കുവൈറ്റിനെയും അതിന്റെ ജനതയെയും എല്ലാ തിന്മകളിൽ നിന്നും കാത്തുരക്ഷിക്കേണമേ. ഈ നാടിനെയും മറ്റെല്ലാ മുസ്ലിം നാടുകളെയും സുരക്ഷിതവും ശാന്തവുമാക്കേണമേ. ഞങ്ങളുടെ സൈനികരെയും സുരക്ഷാ ഉദ്യോഗസ്ഥരെയും നീ കാത്തുരക്ഷിക്കേണമേ. അവരുടെ പാദങ്ങളെ നീ ഉറപ്പിച്ചു നിർത്തേണമേ. അല്ലാഹുവേ, ഞങ്ങളുടെ അമീറിനും വലിയ്യുൽ അഹ്ദിനും (കിരീടാവകാശി) നിനക്ക് ഇഷ്ടപ്പെട്ട കാര്യങ്ങൾ ചെയ്യാൻ തൗഫീഖ് നൽകേണമേ. ലോകരക്ഷിതാവായ അല്ലാഹുവിനാണ് സർവ്വസ്തുതിയും.